മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഇല്ല.

(ബി) പത്രലേഖകന്മാരുടെ അക്രഡിറ്റേഷനുള്ള അപേക്ഷകൾ പത്ര മുടമകളോ മാനേജിംഗ് എഡിറ്ററോ ആണ് സമർപ്പിക്കേണ്ടത്. ജില്ലാ അടിസ്ഥാനത്തിലുള്ള പത്രലേഖകന്മാരുടെ അക്രഡിറ്റേഷനും പത്രമുടമകളും അനുകൂലികളല്ലെന്നും ഈ പ്രശ്നം ചർച്ചയ്ക്കെടുത്തപ്പോൾ പ്രസ്സും അക്രഡിറ്റേഷൻ കമ്മിറ്റിക്കും ബോദ്ധ്യമായി. അതിനാൽ ഈ പ്രശ്നം പരിഗണനയിലില്ല.

(സി) ഉണ്ട്.

UNSTARRED QUESTIONS AND ANSWERS

ഹൈസ്കൂളുകൾ.

100. [3] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) കേരളത്തിൽ ഓരോ ഡിസ്ട്രിക്റ്റിലും ആകെ എത്ര ഹൈസ്കൂളുകൾ ഉണ്ട് ;

(ബി) ഓരോ ഹൈസ്കൂളിലും 1963–64 വർഷത്തിൽ ആകെ എത്രകുട്ടികൾ പഠിക്കുന്നുണ്ട് ; ഏതെല്ലാം ക്ലാസുകളിൽ :

(സി) ഓരോ ഹൈസ്കൂളിലും പഠിക്കുന്ന പട്ടിക ജാതി കുട്ടികളുടെ ജാതി തിരിച്ചുള്ള പട്ടിക മേശപ്പുറത്ത് വയ്ക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം.

(എ)

തിരുവനന്തപുരം	.....	100
കൊല്ലം	.....	123
ആലപ്പുഴ	.....	136
കോട്ടയം	.....	126
എറണാകുളം	.....	140
തൃശ്ശൂർ	.....	120
പാലക്കാട്	.....	85
കോഴിക്കോട്	.....	100
കണ്ണൂർ	.....	78

(ബി) ആകെ ; 5,65,602 കുട്ടികൾ.

സ്റ്റാൻഡേർഡ് VIII 2,50,237

,, ,, IX 2,00,917

,, ,, X 1,14,448

(സി) ആകെ 51,008 പട്ടികജാതി വിദ്യാർത്ഥികൾ ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly